# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 115** **04-02-2019 ൽ മറുപടിക്ക്**

## പട്ടയവിതരണത്തിന്റെ പുരോഗതി

**ചോദ്യം**

ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ.കെ. രാജൻ
ശ്രീമതി സി.കെ. ആശ

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ പട്ടയവിതരണത്തിന്റെ പുരോഗതി അറിയിക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്തൊട്ടാകെ വിവിധ ഇനങ്ങളിലായി 1,03,313 പട്ടയങ്ങളും 407 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. 868 പട്ടയങ്ങൾ ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പട്ടയവിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി ഇതുവരെ 40 പട്ടയമേളകൾ സംഘടിപ്പിച്ചിട്ടുള്ളതുമാണ്. വിതരണം ചെയ്തതും വിതരണം ചെയ്യാൻ തയ്യാറായിട്ടുള്ളതുമായ പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം ചേർക്കുന്നു.

| ക്രമ നം | ജില്ല | വിതരണം ചെയ്ത/വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്ന പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1215 പട്ടയങ്ങളും 34 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. വർക്കല, ചിറയിൻകീഴ് നിയോജക മണ്ഡലങ്ങളിലെ 139 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| 2 | കൊല്ലം | 750 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 02.02.2019 ന് നടക്കുന്ന പട്ടയമേളയിൽ വിതരണത്തിനായി ഏകദേശം 358 പട്ടയങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| 3 | പത്തനംതിട്ട | 205 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 371 പട്ടയങ്ങൾ വിതരണത്തിനായി തയ്യാറായി വരുന്നു. |
| 4 | ആലപ്പുഴ | 785 പട്ടയങ്ങളും 50 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 5 | കോട്ടയം | 550 പട്ടയങ്ങളും 16 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 6 | ഇടുക്കി | 20419 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 7 | എറണാകുളം | 3812 പട്ടയങ്ങളും 3 കൈവശരേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 8 | തൃശ്ശൂർ | 28088 പട്ടയങ്ങളും 2 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 9 | പാലക്കാട് | 11648 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 10 | മലപ്പുറം | 16400 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 11 | കോഴിക്കോട് | 6717 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 12 | വയനാട് | 1151 പട്ടയങ്ങളും 304 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 13 | കണ്ണൂർ | 4024 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 14 | കാസറഗോഡ് | 5519 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

(ബി) ഉപാധി രഹിത പട്ടയമെന്ന ദീർഘകാലമായുള്ള ആവശ്യം അംഗീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 1960 ലെ കേരള ഭൂമി പതിവ് നിയമ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിവിധ ചട്ടങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്ത് സർക്കാർ ഭൂമി പതിച്ചു നൽകുന്നത്. വിവിധ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഉപാധികൾക്ക് വിധേയമായി മാത്രമേ നിലവിൽ ഭൂമി പതിച്ചു നൽകുന്നതിന് സാധിക്കുകയുള്ളൂ. നിലവിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ ഭൂമി പതിച്ചു നൽകുന്നതിനുള്ള 1964 കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ഉപാധികളിൽ വളരെയധികം ഇളവുകൾ വരുത്തിയിട്ടുണ്ട്. കൈവശമുള്ള ഭൂമി പതിച്ചു നൽകുന്ന കേസുകളിൽ ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിലവിൽ

| | | | |
|---|---|---|---|
| | | | കാലപരിധി പൂർണമായി ഒഴിവാക്കിയിട്ടുണ്ട്. 17.08.2017 ലെ ജി.ഒ (പി) നം. 60/2017/ആർ.ഡി ഭേദഗതി പ്രകാരം കൈവശമുള്ള ഭൂമി പതിച്ച് നൽകുന്നതിന് ഉണ്ടായിരുന്ന വരുമാന പരിധി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കൈവശമില്ലാത്ത ഭൂമി പതിച്ച നൽകുന്ന സംഗതികളിൽ ടി ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള കാലപരിധി 25 വർഷത്തിൽ നിന്നും 12 വർഷമായി കുറച്ചിട്ടുമുണ്ട്. പൂർണ്ണമായും ഉപാധിരഹിതമായി പട്ടയങ്ങൾ നൽകി വരുന്നില്ല. |
| (സി) | കൈവശത്തിലുള്ള ഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് ഉണ്ടായിരുന്ന വരുമാനപരിധി ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | 1964 ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരം കൈവശമുള്ള ഭൂമിയ്ക്ക് പട്ടയം ലഭിക്കുന്നതിന് ഉണ്ടായിരുന്ന വരുമാന പരിധിയായ ഒരു ലക്ഷം രൂപ 17.08.2017 ലെ ജി.ഒ (പി) നം. 60/2017/ആർഡി ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. |
| ([ഡി) | കൈവശഭൂമിയും കൈവശമില്ലാത്ത ഭൂമിയും പതിച്ചുനൽകുന്നതിനുള്ള നടപടിക്രമങ്ങളിൽ എന്തൊക്കെ തരത്തിലുള്ള മാറ്റങ്ങളാണ് വരുത്തിയതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | 17.08.2017 ലെ ജി.ഒ (പി) നം. 60/2017/ആർ.ഡി ഉത്തരവ് പ്രകാരം കൈവശമുള്ള ഭൂമിയും കൈവശമില്ലാത്ത ഭൂമിയും പതിച്ച നൽകുമ്പോൾ വെവ്വേറെ പട്ടയഫാറങ്ങൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൈവശമുള്ള ഭൂമി പതിച്ച കിട്ടുന്ന കേസുകളിൽ ടി ഭൂമി കൈമാറ്റം ചെയ്യുന്നതിന് കാലപരിധി ഒഴിവാക്കിയിട്ടുള്ളതും കൈവശമില്ലാത്ത ഭൂമി പതിച്ച കിട്ടുന്ന സംഗതികളിൽ പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിരുന്ന കാലപരിധി 25 വർഷത്തിൽ നിന്നും 12 വർഷമായി കുറച്ചിട്ടുള്ളതുമാണ്. |
| (ഇ) | പട്ടയഭൂമിയിൽ കൃഷിക്കാർ വച്ച് പിടിപ്പിക്കുന്ന മരങ്ങളുടെ അവകാശം അവർക്ക് തന്നെ ലഭിക്കുമോ; വ്യക്തമാക്കുമോ; | (ഇ) | 17.08.2017 ലെ ജി.ഒ (പി) നം. 60/2017/ആർ.ഡി ഭേദഗതി ഉത്തരവ് പ്രകാരം പട്ടയം നൽകുന്ന ഭൂമിയിലെ മരങ്ങളുടെ അവകാശം 1964 ലെ കേരള ഭൂമി പതിവ് ചട്ടം 10(3) പ്രകാരവും 1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ സെക്ഷനുകൾ 4,22 എന്നിവ പ്രകാരവുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. |
| (എഫ്) | ഇടുക്കി പദ്ധതി പ്രദേശത്ത് മൂന്ന് ചങ്ങല വിട്ടുള്ള പ്രദേശത്ത് പട്ടയം വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എഫ് | 24.10.2017 ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 352/2017/റവ പ്രകാരം ഇടുക്കി പദ്ധതി പ്രദേശത്തെ മൂന്ന് ചങ്ങല വിട്ടുള്ള ഏഴ് ചങ്ങല പ്രദേശത്ത് പട്ടയം അനുവദിക്കുന്നതിന് ഉത്തരവായിട്ടുള്ളതും നാളിതുവരെ ടി മേഖലയിൽ 1728 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതും ടി 1728 പട്ടയങ്ങളിലായി 406.9540 ഹെക്ടർ ഭൂമി പതിച്ച നൽകിയിട്ടുള്ളതുമാണ്. |
| (ജി) | പെരിഞ്ചാംകുട്ടിയിലെ ആദിവാസികളുടെ ദീർഘകാല ഭൂപ്രശ്നം പരിഹരിച്ചുവോ; വ്യക്തമാക്കുമോ? | (ജി) | 8.03.2018 ലെ സ.ഉ (കൈ) നമ്പർ 96/2018/റവ നമ്പർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ പെരിഞ്ചാംകുട്ടി തേക്ക് പ്ലാന്റേഷനിൽ നിന്നും |

10.02.2010 ൽ കുടിയൊഴിപ്പിക്കപ്പെട്ട പട്ടിക വർഗകുടുംബങ്ങൾക്ക് അവരുടെ അർഹത പരിശോധിച്ച് ഒരു കുടുംബത്തിന് ഒരേക്കർ എന്ന പരിധിയ്ക്ക് വിധേയമായി പെരിഞ്ചാംകുട്ടിയിൽ ഭൂമി അനുവദിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. വിതരണം ചെയ്യുന്നതിന് ഏറ്റവും അനുയോജ്യമായി ഭൂമി കണ്ടെത്തുന്നതിന് ഇടുക്കി ആർ.ഡി.ഒ, മൂന്നാർ ഡി.എഫ്.ഒ, റേഞ്ച് ആഫീസർ അടിമാലി, ജില്ലാ സർവ്വെ സൂപ്രണ്ട്, കൊന്നത്തടി വില്ലേജാഫീസർ എന്നീ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ടീം സ്ഥലം നേരിൽ പരിശോധിച്ച് ഭൂമി കണ്ടെത്തിയിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**